**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2720** **04-03-2025 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ജീവനക്കാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിയിൽ ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതികൾ ക്ഷേമനിധി ബോർഡിൽനിന്നും അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ? | (എ) | മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും പെൻഷൻ-ക്ഷേമനിധി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡിൽ നിന്നും 04.12.2024 ൽ ലഭിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കാൻ പര്യാപ്തമായിരുന്നില്ല. തുടർന്ന് ഇക്കാര്യം 22.02.2025 - ന ചേർന്ന മലബാർ ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധിയോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും, അതിൻ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ തീരുമാനം കൈക്കൊള്ളുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ വ്യക്തതയോടെ തന്നെ ലഭ്യമാക്കുവാൻ ക്ഷേമനിധി ബോർഡ് സെക്രട്ടറിയോട് ആവശ്യപെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ